LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം

61 (4395) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും എം.എൽ.എ.മാർ മുഖേന, ചികിത്സ അപകടമരണസഹായം എന്നിവയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ കാൻസർ പോലുള്ള ഗുരുതരമായതും ഭാരിച്ചചെലവ് വരുന്നതുമായ രോഗങ്ങൾ ബാധിച്ചവരുടെ അപേക്ഷകൾ, ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് സഹിതം മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം അപേക്ഷകൾ എം.എൽ.എ.-മാർ മുഖേന സമർപ്പിക്കുന്നതിനായി റിപ്പോർട്ട് സഹിതം അപേക്ഷകനെയോ ഉറ്റ ബന്ധുവിനെയോ ഏൽപ്പിക്കുന്നതിന് തുടർ നടപടി സ്വീകരിക്കുമോ ; എം.എൽ.എ.-മാരുടെ ആമുഖ കത്ത് സഹിതമുള്ള അപേക്ഷകളിൽ, കളക്ടറുടെ റിപ്പോർട്ട് സഹിതം എം.എൽ.എ.-മാർ മുഖേന അപേക്ഷിക്കുന്നതിന് തുടർന്നും അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

ചികിത്സാ സഹായത്തിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി

62 (4396) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാസഹായത്തിന് ശ്രീ. സുരേഷ് (സുരേഷ് ഭവൻ, വേളാർകുടി, ആറ്റിങ്ങൽ പി.ഒ.) സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) 1509/15/CM എന്ന നമ്പരിൽ 16-3-2015 തീയതിയായി സ്വീകരിച്ച അപേക്ഷയിന്മേൽ അനുവദിച്ച തുക എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) 15-7-2015-ലെ സ.ഉ.(സാധാ) നമ്പർ 3695/15/റവ. പ്രകാരം ശ്രീ. സുരേഷ്, സുരേഷ് ഭവൻ, വേളാർകുടി, ആറ്റിങ്ങൽ പി.ഒ.-ന് സ്വന്തം ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 25,000 രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.